കേരള സർക്കാർ

LSGD

# സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്

## പത്തനംതിട്ട ജില്ല

## ഉപജില്ലാ അദാലത്ത് സമതി -1

05-02-2024, 10.30 am ന് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് കൂടിയ ഉപജില്ല അദാലത്ത് സമതി 1 ന്റെ യോഗ മിനിറ്റ്സ്.

പങ്കെടുത്തവർ

1. കെ.സി.സുരേഷ് കുമാർ (ഇൻന്റേണൽ വിജിലൻസ് ഓഫീസർ പത്തനംതിട്ട).
2. വിനീത്. ജി ( (അസിസ്റ്റന്റ് ടൗൺ പ്ലാനർ, എൽ.എസ്.ജി.ഡി, പ്ലാനിംഗ്)
3. മിനി.എസ്.(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മല്ലപ്പള്ളി, പത്തനംതിട്ട).

മല്ലപ്പള്ളി, പത്തനംതിട്ട എന്നിവടങ്ങളിലെ ഉദ്യോഗസ്ഥരും അദാലത്തിൽ പങ്കെടുത്തു.

**പരിഗണിച്ച വിഷയം**- കെട്ടിട നമ്പർ നൽകുന്നത് പരിഗണിക്കുന്നത് സംബന്ധിച്ച്.

ബഹു.കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന നവകേരള സദസ്സിൽ ലഭിച്ച അപേക്ഷ അദാലത്തിൽ പരിഗണിച്ചു.

**അദാലത്ത് തീർപ്പ്**

**ശ്രീ. രാജു. റ്റി.കെ.വർഗ്ഗീസ്,**തിട്ടപ്പള്ളിൽ വീട്,കാട്ടൂക്കര,തിരുവല്ല.പി.ഒ എന്നയാൾ നവകേരള സദസ്സിൽ സമർപ്പിച്ച പരാതിസംബന്ധിച്ച്:-

ശ്രീ. രാജു. റ്റി.കെ.വർഗ്ഗീസ്, തിട്ടപ്പള്ളിൽ വീട്,കാട്ടൂക്കര, തിരുവല്ല എന്നയാളിന് 2000 ൽ പട്ടികജാതി വികസനവകുപ്പിൽ നിന്നും ലഭിച്ച വീടാണെന്നാണ് അപേക്ഷകൻ അദാലത്തിൽ ഹാജരായി പറഞ്ഞത്. 2.1/4 സെന്റ് സ്ഥലം മാത്രമേയുള്ളൂ. സർക്കാരിന്റെ പ്രത്യേക പദ്ധ്യതി പ്രകാരം ലഭിച്ച വീടാണ് എന്നതും, ചെറിയ പ്ലോട്ടിന്റെ പരിധിയിൽ വരുന്ന നിർമ്മാണം എന്നതും പരിഗണിച്ച് പരാതിക്കാരന്റെ അപേക്ഷയിൻമേൽ നടപടി സ്വീകരിക്കാൻ തിരുവല്ല നഗരസഭ സെക്രട്ടറിക്ക് നിർദ്ദേശം നൽകി. പരാതിക്കാരൻ ആവശ്യമായ രേഖകൾ തിരുവല്ല നഗരസഭയിൽ തുടർനടപടികൾക്കായി സമർപ്പിയ്ക്കേണ്ടതാണ്.

കൺവീനർ

ഉപജില്ലാ അദാലത്ത് സമിതി-1
ഇൻന്റേണൽ വിജിലൻസ് ഓഫീസർ-1
തദ്ദേശസ്വയം ഭരണവകുപ്പ്
പത്തനംതിട്ട.